## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5410 — 18.11.2019 ലെ മറുപടിക്ക്

### ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഇ.എ.ആർ.എ.എസ്. സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ഇ.എ.ആർ.എ.എസ്. സ്കീമിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ശമ്പളവും പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും 2019 ഏപ്രിൽ മുതൽ സമയബന്ധിതമായി ലഭിക്കാനായി നീതി ആയോഗിന്റെ 17.08.2016 ലെ O 11013/02/2015 CSS& CMC നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിൽ പരാമർശിച്ചത് പോലെ 60:40 (കേന്ദ്രം:സംസ്ഥാനം) അനുപാതത്തിലേക്ക് പദ്ധതി വിഹിതം മാറ്റിക്കൊണ്ട് ജീവനക്കാരുടെ ആശങ്ക ദൂരീകരിക്കുമോ; | (എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ സ്ഥിതിവിവരകണക്ക് തയ്യാറാക്കുന്നത് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ആൻ ഏജൻസി ഫോർ റിപ്പോർട്ടിംഗ് അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് (ഇ.എ.ആർ.എ.എസ്) എന്ന 100% സെൻട്രൽ സെക്ടർ സ്കീമിലൂടെയാണ്. ഈ സ്കീമിലെ വിവരശേഖരണം, ക്രോഡീകരണം, മേൽനോട്ടം എന്നിവയ്ക്കായി 856 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2020- 21 സാമ്പത്തിക വർഷം മുതൽ പി.എഫ്.എം.എസ് മുഖേന മാത്രമേ കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുകയുള്ളൂ വെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളവും ആനുകൂല്യ വിതരണവും തടസ്സപ്പെടുന്നതിന് സാധ്യതയുള്ളതിനാൽ നിലവിലെ സംവിധാനം തുടരുന്നതിനും പി.എഫ്.എം.എസ് മുഖേനയുള്ള ഫണ്ട് ട്രാൻസ്ഫർ ഒഴിവാക്കി കേന്ദ്രഗവൺമെന്റ് |

ഇ.എ.ആർ.എ.എസ് സ്കീമിന് അനുവദിക്കുന്ന തുക സ്റ്റേറ്റ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിൽ ജീവനക്കാരെ കരാർ തൊഴിലാളികൾക്ക് സമമാക്കിക്കൊണ്ട് സ്വകാര്യവത്ക്കരണത്തിന് ഗതിവേഗം നൽകുന്ന പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം ഇ.എ.ആർ.എ.എസ്. സ്കീമിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(ബി) ഇ.എ.ആർ.എ.എസ് സ്കീം **100%** സെൻട്രൽ സെക്ടർ സ്കീം ആയതിനാൽ ഫണ്ടിംഗ് പാറ്റേൺ കേന്ദ്രസർക്കാരാണ് തീരുമാനിക്കുന്നത്.

സെക്ഷൻ ഓഫീസർ